പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി X

(SUBJECT COMMITTEE X)

# വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും
# (FOREST ENVIRONMENT AND TOURISM)

## 'കേരളത്തിലെ കായൽതീര വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യനിർമ്മാർജ്ജനം' എന്ന വിഷയം സംബന്ധിച്ച റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239(5)-ാം ചട്ടപ്രകാരമുള്ളത്

(Under Rule 239(5) of the Rules of Procedure and Conduct of Business in the Kerala Legislative Assembly)

2021 ജനുവരി 20-ാം തീയതി സമർപ്പിച്ചത്

(Presented on 20th January 2021)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2021

## പതിനാലാം കേരള നിയമസഭ

## (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി X

## (SUBJECT COMMITTEE X)

# വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

# (FOREST ENVIRONMENT AND TOURISM)

**'കേരളത്തിലെ കായൽതീര വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യനിർമ്മാർജ്ജനം' എന്ന വിഷയം സംബന്ധിച്ച റിപ്പോർട്ട്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239(5)-ാം ചട്ടപ്രകാരമുള്ളത്

(Under Rule 239(5) of the Rules of Procedure and Conduct of Business in the Kerala Legislative Assembly)

152/2021.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I | .. | 15 |
| അനുബന്ധം II | .. | 16 |

# സബ്ജക്ട് കമ്മിറ്റി X

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും
## (2019-2021)

### ഘടന

ചെയർമാൻ:

ശ്രീ. കെ. രാജു,
വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി.

എക്സ്-ഒഫിഷ്യോ അംഗം:

ശ്രീ. കടകംപള്ളി സുരേന്ദ്രൻ,
സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. എൽദോ എബ്രഹാം

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീ. റോജി എം. ജോൺ

ശ്രീ. കെ. എം. ഷാജി

ശ്രീ. എ. എൻ. ഷംസീർ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. കെ. യു. ജനീഷ് കുമാർ*.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി മഞ്ജു വർഗ്ഗീസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. വേണുഗോപാൽ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ലാലി വി. എസ്., അണ്ടർ സെക്രട്ടറി.

---

*2019 നവംബർ 4-ാം തീയതിയിലെ ബുള്ളറ്റിൻ-ഭാഗം 2 നമ്പർ 768 പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ടു

# അവതാരിക

പ്രകൃതിയുടെ ജീവനാഡികളാണ് ജലസ്രോതസ്സുകൾ. അവയെ സംരക്ഷിക്കേണ്ടത് മനുഷ്യരാശിയുടെ കർത്തവ്യവും. എന്നാൽ 44 നദികൾ, നിറയെ കായലുകൾ, ചെറുതോടുകൾ, തടാകങ്ങൾ ഒക്കെ ചേർന്ന് സമൃദ്ധമായ കേരളത്തിലെ ജലാശയങ്ങൾ മലിനീകരണം നിമിത്തം സമ്പൂർണ്ണ നാശത്തിലേക്ക് കൂപ്പുകുത്തുകയാണ്. പുഴകളും കായലുകളും അവയുടെ അന്തിമാശയമായ കടലുംവരെ മനുഷ്യന്റെ ചെയ്തികളാൽ ദുരന്തമുഖത്താണ്.

യുദ്ധം, കലാപം എന്നിവയെപ്പോലെ തന്നെ ലോകം ഇന്ന് ഭയപ്പെടുന്നത് മാലിന്യപ്രശ്നത്തെയാണ്. മാലിന്യപ്രശ്നത്തിൽ വീർപ്പുമുട്ടുകയാണ് കേരളവും. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ കുന്നുകൂടുന്ന മാലിന്യങ്ങൾ കേരളത്തെ സംബന്ധിച്ചിടത്തോളം ഗൗരവമർഹിക്കുന്ന സംഗതിയാണ്. പ്രത്യേകിച്ചും വിദേശവിനോദ സഞ്ചാരികളെ ഏറ്റവും കൂടുതൽ ആകർഷിക്കുന്ന കായൽതീര വിനോദസഞ്ചാര കേന്ദ്രങ്ങളിൽ. കേരളത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ കടൽത്തീരങ്ങളായ കോവളം, വർക്കല, ശംഖുമുഖം, ആലപ്പുഴ, ചെറായി, ബേക്കൽ, മുഴപ്പിലങ്ങാട് തുടങ്ങിയവയും കായലുകളായ അഷ്ടമുടി കായൽ, കുമരകം, പാതിരാമണൽ എന്നിവയും കടുത്ത മാലിന്യ ഭീഷണി നേരിടുകയാണ്. ഇത്തരത്തിൽ കേരളത്തിലുടനീളമുള്ള കായൽതീര വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിന്നും പുറന്തള്ളപ്പെടുന്ന മാലിന്യങ്ങൾമൂലം ജലസ്രോതസ്സുകൾ ദിനംപ്രതി മലിനമാകുന്നുവെന്ന് സമിതി നിരീക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ 'കേരളത്തിലെ കായൽതീര വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ നിർമ്മാർജ്ജനം' എന്ന വിഷയം പഠനവിധേയമാക്കുവാൻ തീരുമാനിക്കുകയുണ്ടായി.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം പ്രസ്തുത വിഷയത്തിന്മേൽ പരിസ്ഥിതി, വിനോദസഞ്ചാരം, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളിലെയും മലിനീകരണ നിയന്ത്രണ ബോർഡിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരിൽ നിന്നും സമിതി തെളിവെടുപ്പ് നടത്തി വിവരങ്ങൾ ശേഖരിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ട് 18-1-2021-ൽ കൂടിയ സമിതി യോഗം അംഗീകരിച്ചു.

കെ. രാജു,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,
2021 ജനുവരി 18.

# റിപ്പോർട്ട്

പ്രകൃതി സൗന്ദര്യം കനിഞ്ഞനുഗ്രഹിച്ച ഭൂമിയിലെ സ്വർഗ്ഗമാണ് കേരളം. ഇന്ത്യയിലെ മികച്ച വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഒന്നും. വൈവിധ്യമേറിയ ഭൂപ്രകൃതിയാൽ സമ്പന്നമായ ഇവിടം, ലോകത്തിലെ സന്ദർശനം നടത്തേണ്ട 50 സ്ഥലങ്ങളുടെ പട്ടികയിൽ നാഷണൽ ജിയോഗ്രാഫിക് മാഗസിനും 21-ാം നൂറ്റാണ്ടിൽ സന്ദർശിക്കേണ്ട 100 സ്ഥലങ്ങളിൽ ഒന്നായി ട്രാവൽ & ലിഷർ മാഗസിനും ഉൾപ്പെടുത്തിയിരിക്കുന്നു.

2. "ദൈവത്തിന്റെ സ്വന്തം നാട്" എന്ന വിശേഷണം പൂർണ്ണതയിൽ എത്തിക്കുന്നതിന് കേരളത്തിന്റെ കായൽ തീരങ്ങളും, ജലാശയങ്ങളും വഹിക്കുന്ന പങ്ക് നിസ്തുലമാണ്. എന്നാൽ സംസ്ഥാനത്തെ 36% ജലസ്രോതസ്സുകളും മലിനീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നുവെന്ന ഭയാനകമായ സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. ജലസ്രോതസ്സുകളുടെ മലിനീകരണത്തിന് പ്രധാനമായും കാരണമാകുന്നത് കായൽ തീരങ്ങളിലെ വിനോദസഞ്ചാര കേന്ദ്രങ്ങളാണെന്ന വസ്തുത സമിതിയെ ആശങ്കപ്പെടുത്തുന്നു.

3. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിലാണ് കേരളത്തിലെ പ്രധാനപ്പെട്ട കായൽതീര വിനോദസഞ്ചാര കേന്ദ്രങ്ങൾ സ്ഥിതി ചെയ്യുന്നത്. (അനുബന്ധം 1) വിനോദസഞ്ചാര കേന്ദ്രങ്ങൾ സൃഷ്ടിക്കുന്ന മലിനീകരണവും ഈ പ്രദേശങ്ങൾ കേന്ദ്രീകരിച്ചുള്ള മാലിന്യനിർമ്മാർജ്ജന പ്രവൃത്തികളും സമിതി വിലയിരുത്തുവാൻ തീരുമാനിച്ചതിന്റെ പശ്ചാത്തലത്തിൽ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിർവ്വഹണവും മേൽനോട്ടവും നടത്തുന്ന വിനോദസഞ്ചാരം, തദ്ദേശസ്വയംഭരണം, പരിസ്ഥിതി എന്നീ വകുപ്പുകളിൽ നിന്നും മലിനീകരണ നിയന്ത്രണബോർഡിൽ നിന്നും സമിതി വിവരങ്ങൾ ആരായുകയും ലഭ്യമായ മറുപടികൾ വിശകലനം ചെയ്യുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സമിതി കണ്ടെത്തിയ വസ്തുതകൾ ചുവടെ ചേർക്കുന്നു:

4. കായലോര വിനോദസഞ്ചാരത്തിന്റെ മുഖ്യ ആകർഷണമാണ് ഹൗസ് ബോട്ടുകൾ. എന്നാൽ ഹൗസ്ബോട്ടുകൾ പുറന്തള്ളുന്ന മാലിന്യം കായൽ ജലത്തിന്റെ മലിനീകരണതോത് വളരെയധികം ഉയർത്തുന്നതായി പഠനങ്ങൾ തെളിയിക്കുന്നു. ആലപ്പുഴ കേന്ദ്രീകരിച്ച് കേരള മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ പഠനത്തിൽ ഹൗസ് ബോട്ടുകൾ ഏറെയുള്ള വേമ്പനാട് കായലിൽ ഉയർന്ന തോതിലുള്ള കോളിഫോം ബാക്ടീരിയ കണ്ടെത്തുകയുണ്ടായി. ഉയർന്ന തോതിലുള്ള ബാക്ടീരിയയുടെ അളവിനുള്ള

കാരണങ്ങളിലൊന്ന് ഹൗസ് ബോട്ടുകളിൽ നിന്നുള്ള സ്വീവേജ് മാലിന്യമാണ്. കാര ചാര വിനോദസഞ്ചാരം നിലനിർത്തുന്നതിനായി കായൽ-നദീജല മലിനീകരണം നിയന്ത്രിക്കേണ്ടതും അതിനായി ഹൗസ് ബോട്ടുകൾ സൃഷ്ടിക്കുന്ന മലിനീകരണം അടിയന്തരമായി തടയേണ്ടതുമാണ്.

5. ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യ നിർമ്മാർജ്ജനത്തിനായി വിനോദസഞ്ചാരവകുപ്പിന്റേയും തദ്ദേശസ്വയംഭരണ വകുപ്പിന്റേയും മേൽനോട്ടത്തിൽ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നതായി സമിതി മനസ്സിലാക്കുന്നു. ആലപ്പുഴ ജില്ലയിലെ ഹൗസ് ബോട്ടുകളിൽ നിന്നുള്ള ജൈവമാലിന്യങ്ങളും പ്ലാസ്റ്റിക് അടക്കമുള്ള അജൈവ മാലിന്യങ്ങളും തരംതിരിച്ച് ശേഖരിച്ച് പ്രതിദിനം നീക്കം ചെയ്യുന്നതിനായി ഡി.റ്റി.പി.സി. ഒരു ഏജൻസിയെ ടെണ്ടറിലൂടെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഓരോ തവണയും സർവ്വീസ് നടത്തി തിരികെ വരുന്ന ഹൗസ്ബോട്ടുകളിൽ നിന്നും ഏജൻസി നേരിട്ട് പ്രത്യേകം തയ്യാറാക്കിയ ബിന്നുകളിൽ മാലിന്യം ശേഖരിച്ച് അതാത് ദിവസം തന്നെ നീക്കം ചെയ്യുന്നുണ്ട്. സൗജന്യമായാണ് പ്രസ്തുത പ്രവൃത്തി ഡി.ടി.പി.സി. നടത്തിവരുന്നത്. 2019 ഡിസംബറിൽ ആരംഭിച്ച ഈ പദ്ധതിയുടെ ഒന്നാം ഘട്ടം ആലപ്പുഴ പുന്നമട ഫിനിഷിംഗ് പോയിന്റ് ഹൗസ് ബോട്ട് ടെർമിനൽ പരിസരത്താണ് ആരംഭിച്ചിരിക്കുന്നതെന്നും അടുത്ത ഘട്ടത്തിൽ ഹൗസ് ബോട്ടുകൾ കേന്ദ്രീകരിക്കുന്ന മറ്റ് മേഖലകളിലേയ്ക്ക് കൂടി ഈ പദ്ധതി വ്യാപിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നതെന്നും സമിതി മനസ്സിലാക്കുന്നു. <u>ഹൗസ് ബോട്ട് ടെർമിനലുകൾ കേന്ദ്രീകരിച്ച് മാലിന്യശേഖരണത്തിനും നീക്കം ചെയ്യലിനുമുള്ള പദ്ധതി ആലപ്പുഴ കൂടാതെ മറ്റ് കേന്ദ്രങ്ങളിലേയ്ക്കും വ്യാപിപ്പിക്കണമെന്നും അതിനുള്ള പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

6. ഹൗസ് ബോട്ടുകളിൽ നിന്നുണ്ടാകുന്ന പ്ലാസ്റ്റിക്ക്, ജൈവ - അജൈവ മാലിന്യങ്ങൾ എന്നിവ ശേഖരിക്കുന്നതിനായി ഹൗസ് ബോട്ടുകളിൽ പ്രത്യേകം ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും, ഇവിടെ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് കരയിൽ സ്ഥാപിച്ചിട്ടുള്ള ബിന്നുകളിൽ നിക്ഷേപിച്ച് സംസ്കരിക്കുന്നുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. <u>ആയതിനാൽ ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട് എന്നുറപ്പാക്കുന്നതിനായി കൃത്യമായ ഇടവേളകളിൽ കർശന പരിശോധന നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

7. ഹൗസ് ബോട്ടുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര വകുപ്പിന് നിയമപരമായ യാതൊരു അധികാരവുമില്ലെന്നും ഹൗസ് ബോട്ടുകൾക്കുള്ള രജിസ്ട്രേഷൻ/ ലൈസൻസ് നൽകുന്നത് തുറമുഖ വകുപ്പാണെന്നും സമിതി മനസ്സിലാക്കുന്നു. മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഉൾപ്പെടെയുള്ള ഘടകങ്ങൾ കണക്കിലെടുത്ത് സുരക്ഷാ

സ്പെഷ്യൽ മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തി ഹൗസ് ബോട്ടുകളെ ക്ലാസിഫൈ ചെയ്യുന്ന ഒരു പദ്ധതി (അതിനുള്ള മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ) ആവിഷ്കരിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ക്ലാസിഫിക്കേഷൻ അനുസരിച്ച് ഹൗസ് ബോട്ടുകളുടെ റേറ്റിംഗും സ്വീകാര്യതയും വിലയിരുത്തപ്പെടുമെന്നതിനാൽ മലിനീകരണ സംവിധാനങ്ങൾ പരിഷ്കരിക്കുന്നത് ഉൾപ്പെടെയുള്ള ഘടകങ്ങൾ മെച്ചപ്പെടുത്തുവാൻ ബോട്ടുടമകൾ നിർബന്ധിതരാകുമെന്ന് സമിതി കരുതുന്നു. ഹൗസ്ബോട്ടുകളുടെ ക്ലാസിഫിക്കേഷൻ നടത്തി അതനുസരിച്ച് ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുന്നതിന് ടൂറിസം വകുപ്പ് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നിർബന്ധമായി നടപ്പാക്കിയാൽ (mandatory) ഹൗസ്ബോട്ടുകളിൽ നിന്നുള്ള മാലിന്യപ്രശ്നങ്ങൾക്ക് അറുതിയാകുമെന്ന് സമിതി പ്രതീക്ഷിക്കുന്നു. ആയതിനാൽ ഹൗസ് ബോട്ട് ക്ലാസിഫിക്കേഷൻ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ മാലിന്യനിർമ്മാർജ്ജനം/സംസ്കരണം ഒരു മുഖ്യഘടകമായി ഉൾക്കൊള്ളിക്കണമെന്നും ക്ലാസിഫിക്കേഷൻ മാർഗ്ഗനിർദ്ദേശങ്ങൾ നിർബന്ധമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

8. കായൽ തീരത്ത് സ്ഥിതി ചെയ്യുന്ന വീടുകളിൽ നിന്നുള്ള ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുകയാണെന്നും, അജൈവ മാലിന്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ രൂപീകരിച്ചിട്ടുള്ള ഹരിതകർമ്മസേന മുഖേന തരം തിരിച്ച് ശേഖരിച്ച് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിലും (MCF) അവിടെ നിന്ന് റിസോഴ്സ് റിക്കവറി ഫെസിലിറ്റികളിലും (RRF) എത്തിച്ച് സാധ്യമായവയെ പുനഃചംക്രമണത്തിനും അല്ലാത്തവയെ സംസ്കരണത്തിനും വിധേയമാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഗാർഹിക തലത്തിൽ ഉറവിട ജൈവ മാലിന്യ സംസ്കരണത്തിനായി ബയോഗ്യാസ് പ്ലാന്റുകൾ, മണ്ണിര കമ്പോസ്റ്റിംഗ്, റിംഗ് കമ്പോസ്റ്റിംഗ്, പോട്ട് കമ്പോസ്റ്റിംഗ്, പൈപ്പ് കമ്പോസ്റ്റിംഗ്, ബയോപെഡസ്റ്റൽ കമ്പോസ്റ്റിംഗ്, ബയോ ഡൈജസ്റ്റർ കമ്പോസ്റ്റിംഗ്, കിച്ചൻ ബിൻ തുടങ്ങിയവ സ്ഥാപിച്ച് നൽകുന്നു. കൂടാതെ കമ്മ്യൂണിറ്റിതലത്തിൽ ജൈവമാലിന്യ സംസ്കരണത്തിനായി 'തുമ്പൂർമുഴി' മാതൃകയിലുള്ള എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റുകളും ശേഷി കൂടിയ ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിച്ചിട്ടുണ്ട് എന്നും ഒരളവുവരെ ഉറവിട മാലിന്യ നിർമ്മാജ്ജനത്തിന് സഹായമാകുമെന്ന് സമിതി വിലയിരുത്തുന്നു.

9. കായൽതീരത്ത് സ്ഥിതി ചെയ്യുന്ന ഫ്ലാറ്റുകളിൽ നിന്നുള്ള സെപ്റ്റിക് ടാങ്ക് മാലിന്യങ്ങൾ കായലിലേയ്ക്ക് പുറംതള്ളുന്നത് ഒഴിവാക്കുന്നതിനായി ഇത്തരം ഔട്ട്ലെറ്റുകൾ കണ്ടുപിടിച്ച് നീക്കം ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കുന്നുണ്ട്. എറണാകുളം ജില്ലയിലെ ബ്രഹ്മപുരം, വെല്ലിങ്ടൺ ഐലന്റ് എന്നിവിടങ്ങളിൽ പ്രതിദിനം 100 കിലോ ലിറ്റർ സംസ്കരണ ശേഷിയുള്ള 2 ഫീക്കൽ

സ്ലഡ്ജ് സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ച് സെപ്റ്റിക് ടാങ്ക് മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നുണ്ട്. സെപ്റ്റിക് ടാങ്കുകളിൽ നിന്ന് ടക്കുകൾ മുഖേന ശേഖരിക്കുന്ന കുസ് മാലിന്യം ഈ പ്ലാന്റുകളിൽ എത്തിച്ച് സംസ്കരിക്കുന്നു. ഇതു കൂടാതെ കൊല്ലം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിൽ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 7 പ്ലാന്റുകൾ കൂടി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നതായും അറിയുന്നു. ഇതോടൊപ്പം ജില്ലാ താലൂക്ക് ആശുപത്രികൾ പോലുള്ള സ്ഥലങ്ങളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ആലപ്പുഴ കനാലുകളുടെ നവീകരണത്തിന്റെ ഭാഗമായി മുനിസിപ്പൽ കോളനിയിൽ വികേന്ദ്രീകൃത മാതൃകയിലുള്ള പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. കായൽ തീരത്ത് സ്ഥിതിചെയ്യുന്ന ഫ്ലാറ്റുകളിൽ നിന്നുള്ള സെപ്റ്റിക് ടാങ്ക് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുവാൻ കൊല്ലം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിൽ 'അമൃത്' പദ്ധതിയിൽ ഉൾപ്പെടുത്തി 7 പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ ത്വരിതഗതിയിൽ പൂർത്തിയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. വിനോദസഞ്ചാരികളെ വളരെയധികം ആകർഷിക്കുന്ന കായൽത്തീരങ്ങൾ കേന്ദ്രീകരിച്ച് ഒട്ടനവധി റിസോർട്ടുകൾ പ്രവർത്തിക്കുന്നുണ്ട്. കായൽത്തീര റിസോർട്ടുകൾ, വിനോദസഞ്ചാരത്തിൽ നിന്നുള്ള വരുമാനത്തിൽ ഗണ്യമായ പങ്ക് വഹിക്കുന്നുണ്ട് എങ്കിലും അവയിൽനിന്നുള്ള ജൈവ-അജൈവ മാലിന്യം കായൽജല മലിനീകരണത്തിന് ഇടയാക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. കേരളത്തിലെയും ഇന്ത്യയിലെതന്നെയും ഏറ്റവും നീളമേറിയ കായലായ വേമ്പനാട് കായൽ വളരെയധികം മലിനീകരിക്കപ്പെട്ടിരിക്കുന്നു എന്ന് വിവിധ പാരിസ്ഥിതിക പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് കായൽത്തീര റിസോർട്ടുകൾ സൃഷ്ടിക്കുന്ന മലിനീകരണം സംബന്ധിച്ച് സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും കാര്യങ്ങൾ വിശകലനം ചെയ്യുകയുമുണ്ടായി.

11. ടൂറിസ്റ്റ് കേന്ദ്രങ്ങൾക്ക് പ്രവർത്തനാനുമതി ലഭിക്കുന്നതിനുവേണ്ട നടപടിക്രമങ്ങൾ ഏകോപിപ്പിക്കുന്നത് ടൂറിസം വകുപ്പും ഡി.റ്റി.പി.സി.യും ചേർന്നാണ്. ആയതിലേക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ആവശ്യമാണെന്നും അനുമതിപത്രത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടത് മലിനീകരണ നിയന്ത്രണ ബോർഡിന്റെയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഉത്തരവാദിത്വമാണെന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ റിസോർട്ടുകളുടെ നിർമ്മാണ ഘട്ടത്തിൽ ടൂറിസം വകുപ്പിന് യാതൊരു നിയന്ത്രണവും ഇല്ല എന്നത് വലിയ ന്യൂനതയായി സമിതി കരുതുന്നു. ആയതിനാൽ കായൽതീര വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ നിർമ്മിക്കുന്ന റിസോർട്ടുകളുടെയും ഹോം സ്റ്റേകളുടെയും നിർമ്മാണ പ്രവൃത്തികൾക്ക് ഒരു ഏകീകൃത രൂപരേഖ/മാർഗ്ഗരേഖ ടൂറിസം വകുപ്പ് തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. ഹോട്ടലുകളുടെ സ്റ്റാർ ക്ലാസിഫിക്കേഷൻ നടത്തുന്നത് കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ മാർഗ്ഗരേഖകൾ പ്രകാരമാണ്. കേരളത്തിലെ കായലോര റിസോർട്ടുകളുടെ നിർമ്മാണത്തിനും പരിപാലനത്തിനും ക്ലാസിഫിക്കേഷനുമായി മാർഗ്ഗനിർദ്ദേശങ്ങൾ ടൂറിസം വകുപ്പ് അടിയന്തരമായി പുറപ്പെടുവിച്ച് ആയത് നിർബന്ധമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിനെതിരെ ജലമലിനീകരണ (നിവാരണവും, നിയന്ത്രണവും) നിയമം, 1974 പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തി വരുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് ബോർഡിന്റെ സ്ഥാപനാനുമതിയും പ്രവർത്തനാനുമതിയും ആവശ്യമാണ്. വിനോദസഞ്ചാര കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ നിന്നും പുറത്തുവിടുന്ന സ്വീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലമലിനീകരണത്തിന് കാരണമാകുന്നുണ്ട്. ആകയാൽ ജലമലിനീകരണത്തിന് കാരണമാകുന്ന ഇത്തരം സ്ഥാപനങ്ങളെ ജലനിയമ പ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജലശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും ആയതിന്റെ പ്രവർത്തനം ഇടക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു. ബോർഡിന്റെ വ്യവസ്ഥകൾ പാലിക്കാത്ത വിനോദസഞ്ചാര കേന്ദ്രങ്ങൾക്ക് പ്രവർത്തനാനുമതി നൽകാറില്ല. കൂടാതെ മലിനീകരണത്തിന് കാരണമാകുന്ന പ്രവർത്തനങ്ങൾ കണ്ടെത്തിയാൽ അവർക്കെതിരെ നിലവിലെ ജലനിയമപ്രകാരം നടപടി സ്വീകരിക്കുവാൻ സാധിക്കും. ഇത്തരം സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിനും പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതിനും ജലമലിനീകരണ (നിവാരണവും നിയന്ത്രണവും)നിയമം, 1974 -ൽ നിഷ്കർഷിച്ചിട്ടുമുണ്ട്. ഇത്തരം സംവിധാനങ്ങൾകൊണ്ട് വിനോദസഞ്ചാര കേന്ദ്രങ്ങൾ പൊതുവായും കായൽതീര വിനോദസഞ്ചാര കേന്ദ്രങ്ങൾ പ്രത്യേകിച്ചും സൃഷ്ടിക്കുന്ന ജലമലിനീകരണം ഉൾപ്പെടെയുള്ളവ കണ്ടെത്തുവാനും അവയെ നേരിടുവാനും സാധിക്കുമെന്ന് സമിതി വിലയിരുത്തുന്നു.

14. പല സ്ഥലങ്ങളിലെയും കായലിലേയ്ക്ക് ചേരുന്ന കനാലുകളിലൂടെ ആളുകൾ മലിനജലം കായലിലേയ്ക്ക് ഒഴുക്കിവിടുന്നത് പതിവാണെന്നും ഇത് തടയുന്നതിനായി കായലോരങ്ങളിലെ സെപ്റ്റിക് ടാങ്കുകൾ ഇല്ലാത്ത ടോയ്‌ലറ്റുകൾ സെപ്റ്റിക് ടാങ്ക് ഉള്ളവയാക്കി മാറ്റുന്നതിനുള്ള നടപടികൾ ശുചിത്വമിഷൻ വഴി അടിയന്തരമായി നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം കായലുകൾക്ക് സമീപമുള്ള വീടുകളിൽ നിന്നും ഫ്ലാറ്റുകളിൽ നിന്നും കക്കൂസ് മാലിന്യമുൾപ്പെടെ

ജലാശയങ്ങളിലേയ്ക്ക് ഒഴുകുന്നത് ശ്രദ്ധയിൽപ്പെട്ടാൽ, നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വ്യക്തികൾക്ക് നോട്ടീസ് നൽകി ശിക്ഷാനടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

15. സംസ്ഥാന സർക്കാരിന്റെ 'പ്രോജക്ട് ഗ്രീൻ ഗ്രാസ്സ് ' എന്ന മാലിന്യ നിർമ്മാർജ്ജന പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ട 79 ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച നൂതന പദ്ധതിയായ 'വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് അറ്റ് 79 ടൗൺ ഡസ്റ്റിനേഷൻസ് അണ്ടർ പ്രോജക്ട് ഗ്രീൻ ഗ്രാസ്സ് (2019-20)ന്റെ ആദ്യഘട്ടത്തിലൂടെ 79 തെരഞ്ഞെടുക്കപ്പെട്ട ടൂറിസം കേന്ദ്രങ്ങളെ ഉൾപ്പെടുത്തി ടൂറിസം കേന്ദ്രങ്ങളിലുണ്ടാകുന്ന ജൈവ-അജൈവ മാലിന്യങ്ങളെ വേർതിരിച്ച് സംസ്കരിക്കുന്നതിനായി രണ്ട് ഏജൻസികളെ കണ്ടെത്തി തുടർപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി സമിതി നിരീക്ഷിക്കുന്നു. പ്രോജക്ട് ഗ്രീൻ ഗ്രാസ്സ്-ൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രസ്തുത പദ്ധതി പ്രവർത്തിപഥത്തിൽ എത്തിക്കുവാനാവശ്യമായ അടിയന്തരനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. കായൽതീര വിനോദസഞ്ചാരം പരിപോഷിപ്പിക്കുവാൻ കായൽ തീരവും കായലും മാലിന്യമുക്തമായി നിലനിർത്തേണ്ടതുണ്ട്. റിസോർട്ടുകളിൽ നിന്നുള്ള മലിനീകരണം നിയന്ത്രിക്കുന്നതിനായി റിസോർട്ട് നിർമ്മിക്കുന്നതിനുള്ള പ്ലാൻ തയ്യാറാക്കുമ്പോൾ തന്നെ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സംവിധാനം ഉൾക്കൊള്ളിക്കേണ്ടതാണ് എന്ന് വ്യവസ്ഥചെയ്യുന്നു. കായലോരങ്ങളിൽ ടൂറിസവുമായി ബന്ധപ്പെട്ട് നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകുമ്പോൾ മാലിന്യസംസ്കരണ നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ടെങ്കിലും, മിക്ക കെട്ടിടങ്ങളും റസിഡൻഷ്യൽ ബിൽഡിംഗുകളായി പണിതശേഷം ഹോം സ്റ്റേകളാക്കി മാറ്റുന്നതിനാൽ, നിർമ്മാണ ഘട്ടത്തിൽ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സംവിധാനങ്ങൾ ഉൾപ്പെടുത്തുവാൻ സാധിക്കാറില്ലെന്നും, ഹോട്ടലുകൾ/റിസോർട്ടുകൾ മുതലായ വാണിജ്യാടിസ്ഥാനത്തിലുള്ള നിർമ്മാണങ്ങളിൽ ഖര/ദ്രവ്യ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉൾപ്പെടുത്തിയാൽ മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പെർമിറ്റ് നൽകാറുള്ളുവെന്നും സമിതി മനസ്സിലാക്കുന്നു. റിസോർട്ടുകളിൽ മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടോ എന്ന് മാത്രമല്ല അവ സാങ്കേതികമായി പ്രവർത്തനക്ഷമമാണോ എന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ അവയ്ക്ക് പ്രവർത്തിക്കാനുള്ള ലൈസൻസ് അനുവദിക്കാവൂ എന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. വിനോദസഞ്ചാരികൾ കൂടുതലായി എത്തുന്ന സ്ഥലങ്ങൾ കേന്ദ്രീകരിച്ച് മികച്ച ടോയ്‌ലെറ്റ് സൗകര്യങ്ങൾ ഒരുക്കി നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിനായി കേരളത്തിലെ വിനോദസഞ്ചാരകേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് പദ്ധതികൾ നടപ്പാക്കിവരുന്നതായി സമിതി മനസ്സിലാക്കുന്നു. ദിവസേന ആയിരത്തിലധികം ടൂറിസ്റ്റുകൾ എത്തിച്ചേരുന്ന കേന്ദ്രങ്ങളിൽ ലോകനിലവാരമുള്ള ടോയ്‌ലെറ്റുകൾ നിർമ്മിക്കുന്നതിന് വിഭാവനം ചെയ്യുന്ന 'വേൾഡ് ക്ലാസ് ടോയ്‌ലെറ്റുകളുടെ നിർമ്മാണം' പദ്ധതിയുടെ ആദ്യഘട്ടത്തിൽ വർക്കല ബീച്ച്, പൂക്കോട്, കൊല്ലം ബീച്ച്, ഫോർട്ട് കൊച്ചി, പയ്യാമ്പലം ബീച്ച്, ആലപ്പുഴ ബീച്ച് തുടങ്ങിയ ആറു കേന്ദ്രങ്ങളിൽ ടോയ്‌ലെറ്റുകൾ സ്ഥാപിക്കുന്നതിനായി ഒരു പദ്ധതിക്കും രണ്ടാം ഘട്ടത്തിൽ ബേക്കൽ ബീച്ച്, കാരാപ്പുഴ ഡാം, ബട്ട് റോഡ്, ബീച്ച് പാർക്ക്, കോഴിക്കോട്, ശംഖുമുഖം ബീച്ച്, മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ, മലമ്പുഴ എന്നിവിടങ്ങളിൽ ടോയ്‌ലെറ്റുകൾ സ്ഥാപിക്കുന്നതിനായി മറ്റൊരു പദ്ധതിക്കും ഭരണാനുമതി നൽകിയിട്ടുണ്ടെന്നും പദ്ധതി നടപ്പിലാക്കുവാൻ കിറ്റ്കോ-യെ ചുമതലപ്പെടുത്തിയതായും സമിതി മനസ്സിലാക്കുന്നു. <u>ആയതിനാൽ വേൾഡ് ക്ലാസ്സ് ടോയ്‌ലെറ്റുകളുടെ നിർമ്മാണം പദ്ധതി എത്രയും പെട്ടെന്ന് പൂർത്തീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

18. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ സമഗ്ര ശുചീകരണവും, മാലിന്യ നിർമ്മാർജ്ജനവും ലക്ഷ്യമാക്കികൊണ്ടുള്ള ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ പദ്ധതി സംസ്ഥാനതലത്തിൽ 86 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വകുപ്പ് നടപ്പിലാക്കി വരുന്നു. 14 ജില്ലകളിലെയും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ മുഖേന, കുടുംബശ്രീ മിഷനുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ മേൽനോട്ടത്തിൽ ക്ലീൻ കേരള, ക്ലീൻ വേമ്പനാട് പദ്ധതികൾ മുഖേനയും മാലിന്യ നിർമ്മാർജ്ജന പ്രവൃത്തികൾ നടപ്പിലാക്കിവരുന്നതായി സമിതി മനസ്സിലാക്കുന്നു. <u>ക്ലീൻ ഡെസ്റ്റിനേഷൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കുന്നതിനും ക്ലീൻ കേരള, ക്ലീൻ വേമ്പനാട് പദ്ധതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി തുടർന്ന് പോകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

19. കേരളത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ കോട്ടയം ജില്ലയിലെ കുമരകത്തും, ആലപ്പുഴയിലും കായലോര പരിസ്ഥിതി സംരക്ഷണവും ജലാശയങ്ങളിലെയും കായലോരങ്ങളിലെയും മലിനീകരണ നിർമ്മാർജ്ജനവും ലക്ഷ്യമിട്ട് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ (Sewage Treatment Plant) സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയത് നവീകരണ പ്രവർത്തനങ്ങൾക്കായി അടച്ചിട്ടിരിക്കുകയാണ്. മാലിന്യ നിർമ്മാർജ്ജനത്തിന് ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഹൗസ് ബോട്ടുകളിൽ നിന്നുള്ള

മാലിന്യം നേരിട്ട് കായലിലേയ്ക്ക് പുറന്തള്ളുന്ന ദുരവസ്ഥ നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത്തരത്തിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ പ്രവർത്തിക്കാത്തതുമൂലം ഉണ്ടാകുന്ന പാരിസ്ഥിതിക മലിനീകരണത്തിന്റെ വ്യാപ്തിയിൽ സമിതി കടുത്ത ഉത്കണ്ഠ രേഖപ്പെടുത്തുന്നു. സാങ്കേതികമോ മറ്റു കാരണങ്ങളാലോ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ പ്രവർത്തനം നിലച്ചുപോകുന്ന സന്ദർഭങ്ങളിൽ പകരം സംവിധാനം ഏർപ്പെടുത്തേണ്ടതിന്റെ അടിയന്തര സ്വഭാവം ഉൾക്കൊണ്ട് ആവശ്യമായ ബദൽ നടപടികൾ ടൂറിസം വകുപ്പ് സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. ആലപ്പുഴ 'എച്ച്' ബ്ലോക്കിലും കുമരകത്തും പ്രവർത്തനരഹിതമായിട്ടുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ നവീകരണം അടിയന്തരമായി പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

21. കുമരകത്തെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് വേമ്പനാട്ട് കായലിൽ നിന്നും ഒരു കിലോമീറ്ററോളം മാറി കവണാറ്റിൻതീരത്താണ് സ്ഥിതിചെയ്യുന്നത്. കായലിൽ നിന്നും ബാർജ്ജിൽ മാലിന്യം ശേഖരിച്ച് ട്രീറ്റ്മെന്റ് പ്ലാന്റിൽ എത്തിക്കുകയാണ്. എന്നാൽ 2019-ലെ വെള്ളപ്പൊക്കത്തിൽ ബാർജ്ജിന് കേടുപാടുകൾ സംഭവിച്ചതിനാൽ മാലിന്യശേഖരണം കാര്യക്ഷമമായി നടപ്പാക്കുവാൻ സാധിക്കുന്നില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പുതിയ ബാർജ്ജിന്റെ നിർമ്മാണം ത്വരിതപ്പെടുത്തി ആയത് മാലിന്യ ശേഖരണത്തിന് ഉപയുക്തമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. ആലപ്പുഴയിൽ 'അമൃത്' പദ്ധതിവഴി സ്ഥാപിച്ച 10KLD ശേഷിയുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണ ചെലവ് 30 ലക്ഷം രൂപയിൽ താഴെമാത്രമാണ്. 50 സെന്റ് സ്ഥലമുണ്ടെങ്കിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് 100KLD ശേഷിയുള്ള പ്ലാന്റ് ഫലപ്രദമായി പ്രവർത്തിപ്പിക്കാനാകുമെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ പ്ലാന്റിന് അനുയോജ്യമായ സ്ഥലത്തിന്റെ ലഭ്യതക്കുറവും, പൊതുജനങ്ങളുടെ എതിർപ്പുമാണ് ആവശ്യാനുസരണം ഇത്തരം പ്ലാന്റുകൾ സജ്ജമാക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നത്. ആയതിനാൽ സ്ഥലലഭ്യത അനുസരിച്ച് ശേഷി കുറഞ്ഞ മിനി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ നിർമ്മിക്കുന്നതിന്റെ പ്രായോഗികത പരിശോധിച്ച് ആയത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

23. ഉത്തരവാദിത്ത ടൂറിസം എന്നത് കേരളത്തിന്റെ ഔദ്യോഗിക ടൂറിസം നയമാണ്. ഒരു ടൂറിസം കേന്ദ്രത്തെ ആ നാട്ടിലെ ജനങ്ങൾക്ക് നന്നായി ജീവിക്കുവാൻ കഴിയുന്ന തരത്തിൽ നിലനിർത്തി കൊണ്ടുതന്നെ സഞ്ചാരികൾക്ക് എത്താനും താമസിക്കാനും ആസ്വദിക്കാനും സാധിക്കുന്ന കേന്ദ്രമാക്കി മാറ്റുക എന്നതാണ് ഉത്തരവാദിത്ത

ടൂറിസത്തിന്റെ ലളിതമായ വ്യാഖ്യാനം. ഇന്ത്യയിൽ ഈ ആശയത്തിന്റെ പ്രസക്തി മനസ്സിലാക്കി അത് പ്രാവർത്തികമാക്കിയ ആദ്യത്തെ സംസ്ഥാനമാണ് കേരളം. ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ വിജയകരമായി നടപ്പിലാക്കിയ പ്രഥമ ടൂറിസം കേന്ദ്രമാണ് കോട്ടയം ജില്ലയിലെ കുമരകം.

24. കുമരകത്ത് വിനോദസഞ്ചാരികൾ ധാരാളമായി എത്തുന്ന കവണാറ്റിൻകര ബോട്ട് ലാന്റിംഗ് ഏരിയ, കുമരകം ബോട്ട് ജെട്ടി എന്നിവിടങ്ങളിലെ മാലിന്യം നീക്കം ചെയ്യുന്നതിനായി വിനോദസഞ്ചാര വകുപ്പ് കുടുംബശ്രീയുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ കുമരകം മേഖല കേന്ദ്രീകരിച്ച് ഉത്തരവാദിത്ത ടൂറിസം മിഷൻ ഒന്നാംഘട്ടത്തിൽ കുമരകം പ്രദേശത്തെ വിവിധ ടൂറിസം സംരംഭകരുമായും, രണ്ടാം ഘട്ടത്തിൽ കുമരകം വിനോദസഞ്ചാര കേന്ദ്രം ഉൾപ്പെടുന്ന അയ്മനം ഗ്രാമപഞ്ചായത്തുമായി ചേർന്നും കായൽ ശുചീകരണം നടത്തിയത് ശ്ലാഘനീയമായ ഒരു ചുവടുവയ്പാണ്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ ക്ലീൻ കേരള, ക്ലീൻ വേമ്പനാട് പദ്ധതികളുടെ ഭാഗമായി മൂന്നു ഘട്ടങ്ങളായി പ്രദേശത്തെ ടൂറിസം സംരംഭകർക്കായി മാലിന്യ സംസ്കരണ പരിശീലന പരിപാടികൾ സംഘടിപ്പിച്ചതായും സമിതി മനസ്സിലാക്കുന്നു.

25. ക്ലീൻ കേരള പദ്ധതിയുടെ ഭാഗമായി കുമരകം ടൂറിസം കേന്ദ്രത്തെ പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചതായി സമിതി മനസ്സിലാക്കുന്നു. ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഒരു രജിസ്റ്റേർഡ് യൂണിറ്റ് കുമരകം ഭാഗത്തെ വിവിധ റിസോർട്ടുകൾ, ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് ഏരിയ, മുഹമ്മ, ആലപ്പുഴ ബീച്ച് ഏരിയ എന്നിവിടങ്ങളിൽ നിന്നുള്ള പ്ലാസ്റ്റിക്ക് മാലിന്യം കരാർ അടിസ്ഥാനത്തിൽ ശേഖരിച്ച് തരം തിരിച്ച് ഏറ്റുമാനൂർ ഇൻഡസ്ട്രിയൽ മേഖലയിലെ അവരുടെ പ്ലാന്റിൽ എത്തിച്ച് പ്ലാസ്റ്റിക്ക് തരികളായി വിൽക്കുന്നുണ്ട്.

26. പ്ലാസ്റ്റിക്ക് ഉപഭോഗം കുറയ്ക്കുന്നതിനും ഘട്ടംഘട്ടമായി 19 ഇനം പ്ലാസ്റ്റിക് ഉല്പന്നങ്ങൾ ഉപേക്ഷിക്കുന്നതിനും കുമരകം വിനോദസഞ്ചാര മേഖലയെ സമ്പൂർണ്ണമായി പ്ലാസ്റ്റിക്ക് വിമുക്തമാക്കുന്നതിനുമായി പ്രധാന പ്ലാസ്റ്റിക്ക് ഉൽപ്പന്നമായ പ്ലാസ്റ്റിക്ക് ക്യാരിബാഗ് ഒഴിവാക്കുന്നതിനും, തുണി സഞ്ചിയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുമായി ആദ്യ ഘട്ടമെന്ന നിലയിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ നിർമ്മിച്ച തുണി സഞ്ചികൾ സൗജന്യമായി കുമരകം മുതൽ വൈക്കം വരെയുള്ള പ്രദേശത്തെ ടൂറിസം സംരംഭകർക്കും കോട്ടയം ജില്ലയിലെ പ്രധാനപ്പെട്ട ടൂറിസം സംരംഭകർക്കും വിതരണം ചെയ്യുകയുണ്ടായി. തുടർന്ന് കുമരകം വിനോദസഞ്ചാര കേന്ദ്രത്തിലെ ഹോട്ടലുകൾ, റിസോർട്ടുകൾ ഉൾപ്പെടെ എല്ലാ അക്കൊമഡേഷൻ

യൂണിറ്റുകളും, 50 ഹൗസ് ബോട്ടുകളും, എല്ലാ മോട്ടോർ ബോട്ടുകളും ശിക്കാരകളും നിശ്ചയിച്ച പ്രകാരമുള്ള 19 ഇനം പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾ ഒഴിവാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കുമരകം വിനോദസഞ്ചാര കേന്ദ്രത്തിലെ എല്ലാ ടൂറിസം സംരംഭങ്ങളും പ്ലാസ്റ്റിക്ക് വിമുക്തമാക്കാൻ കഴിഞ്ഞു എന്നത് ഒരു സുപ്രധാന ചുവടുവയ്പായി സമിതി വിലയിരുത്തുന്നു. പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനം പൂർണ്ണതയിലെത്തിക്കുവാൻ വിനോദസഞ്ചാര വകുപ്പ് നടത്തുന്ന ഇത്തരം പ്രവർത്തനങ്ങളിൽ സമിതി പ്രതീക്ഷ അർപ്പിക്കുന്നു.

27. കായൽത്തീര വിനോദസഞ്ചാര കേന്ദ്രങ്ങൾ (റിസോർട്ടുകൾ) പ്രവർത്തിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ സ്ഥാപനാനുമതിയും പ്രവർത്തനാനുമതിയും നേടേണ്ടതുണ്ട്. ബോർഡിന്റെ അനുമതി വാങ്ങാതെ പ്രവർത്തിക്കുന്ന വിനോദസഞ്ചാര കേന്ദ്രങ്ങൾക്കെതിരെ ബോർഡ് നിയമ നടപടി സ്വീകരിച്ചുവരുന്നു. ഗുരുതര മലിനീകരണ പ്രശ്നങ്ങൾ കണ്ടെത്തുന്ന സാഹചര്യങ്ങളിൽ അത്തരം സ്ഥാപനങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡ് സ്റ്റോപ്പ് മെമ്മോ നൽകുകയും, ആയതിന്റെ പകർപ്പ് തുടർ നടപടികൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയും, സ്റ്റോപ്പ് മെമ്മോ നൽകിയിട്ടും ഗുരുതര മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാകുന്നത് തുടർന്നു വരുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തിവയ്പ്പിക്കുന്നതിനുള്ള പ്രാരംഭ നടപടികളായ വൈദ്യുതി ബന്ധം വിച്ഛേദിക്കുക, ജല വിതരണ സംവിധാനം വിച്ഛേദിക്കുക എന്നിവ സ്വീകരിച്ചു വരുന്നുണ്ടെന്നും സമിതി നിരീക്ഷിക്കുന്നു.

28. വിനോദ സഞ്ചാര കേന്ദ്രങ്ങൾ പ്രത്യേകിച്ചും കായൽ തീര വിനോദസഞ്ചാര കേന്ദ്രങ്ങൾ സൃഷ്ടിക്കുന്ന ജലമലിനീകരണം ഉൾപ്പെടെയുള്ള മലിനീകരണങ്ങൾ ഒഴിവാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മലിനീകരണ നിയന്ത്രണ ബോർഡും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടെങ്കിലും ഇത്തരം കേന്ദ്രങ്ങൾ സൃഷ്ടിക്കുന്ന മലിനീകരണം പൂർണ്ണമായും തടയുന്നതിന് സാധിച്ചിട്ടില്ല. ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക് വസ്തുക്കളുടെ ഗണത്തിൽപ്പെടുന്ന പ്ലാസ്റ്റിക് ക്യാരി ബാഗുകളും, PET ബോട്ടിലുകളും, മറ്റു വസ്തുക്കളും ഉപയോഗ ശേഷം വിവേചന രഹിതമായി വലിച്ചെറിയുന്ന പ്രവണത പൂർണ്ണമായും ഒഴിവാക്കുവാൻ സാധിക്കാതിരിക്കുന്നതും, ഹൗസ് ബോട്ടുകളിൽ നിന്നുള്ള മലിനീകരണം പൂർണ്ണമായും ഇല്ലാതാക്കുവാൻ കഴിയാതിരിക്കുന്നതുമാണ് ഇതിനു കാരണമായിട്ടുള്ളത്. ആയതിനാൽ സംസ്ഥാനത്ത് 2020 ജനുവരി 1 മുതൽ ഒറ്റത്തവണ മാത്രം ഉപഭോഗം ഉള്ള പ്ലാസ്റ്റിക് വസ്തുക്കൾ പൂർണ്ണമായും നിരോധിച്ചുകൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള 27-11-2019-ലെ സ. ഉ. (കൈ.) നമ്പർ 6/2019/പരി. ഉത്തരവിലെ (അനുബന്ധം 2) വ്യവസ്ഥകൾ കായൽതീര വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഉൾപ്പടെ കർശനമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി നിശ്ചിത ഇടവേളകളിൽ പരിശോധന നടത്തുകയും വ്യവസ്ഥകൾ ലംഘിക്കുന്നവരിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

29. കായൽത്തീര വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ നിർമ്മാർജ്ജനം കൂട്ടുതൽ ഫലപ്രദമാക്കുന്നതിനായി, ഈ മേഖലയുമായി ബന്ധപ്പെട്ട നിർമ്മാണങ്ങൾ, ഹൗസ് ബോട്ടുകളുടെ പ്രവർത്തനം എന്നിവയ്ക്ക് പ്രവർത്തനാനുമതി നൽകുന്ന വേളയിൽ തന്നെ മാലിന്യ നിയന്ത്രണമടക്കമുള്ള കാര്യങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനായി ടൂറിസം, പരിസ്ഥിതി, തദ്ദേശസ്വയംഭരണം, തുറമുഖം എന്നീ വകുപ്പുകളുടെ ഒരു ഏകോപന സമിതി രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

30. നെയ്യാർ കടലിൽ സംഗമിക്കുന്ന പൊഴിയൂർ, പൊഴിക്കര മുതൽ ആറ്റുപുറം വരെയുള്ള പ്രദേശത്ത് കുളത്തൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ നിരവധി റിസോർട്ടുകൾ പ്രർത്തിക്കുന്നുണ്ട്. വെള്ളത്തിൽ സ്ഥിതി ചെയ്യുന്ന പ്രസ്തുത റിസോർട്ടുകളിൽ നിന്നുള്ള ശുചിമുറി മാലിന്യങ്ങൾ പകൽ സമയത്ത് പോലും ആറ്റിലേക്കാണ് ഒഴുക്കിവിടുന്നത്. പ്രദേശവാസികളും വിനോദസഞ്ചാരികളും പൊഴിക്കരക്ക് സമീപം നെയ്യാറിൽ ഇറങ്ങി കുളിക്കുക പതിവാണ്. ഈ ജലത്തിലേക്കാണ് റിസോർട്ട് അധികൃതർ ശുചിമുറി മാലിന്യം അടക്കമുള്ള ജലം ഒഴുക്കിവിടുന്നത് കൂടാതെ പൊഴിക്കര പ്രദേശത്ത് സുലഭമായി ലഭിച്ചിരുന്ന പല മത്സ്യങ്ങൾക്കും വംശനാശം സംഭവിച്ചതായും പ്രദേശവാസികൾ സാക്ഷ്യപ്പെടുത്തുന്നു. ഈ വിഷയം അത്യന്തം ആശങ്കയോടെ നിരീക്ഷിച്ച സമിതി നെയ്യാറിലേക്ക് മാലിന്യം ഒഴുക്കുന്ന റിസോർട്ട് മാഫിയകൾക്കെതിരെ ശക്തമായ നിയമ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

31. കൊച്ചിയിലെ ചെറായി ബീച്ച് പരിസരത്തെ ചില റിസോർട്ടുകളിൽ നിന്നുള്ള മാലിന്യം കായലിലേയ്ക്ക് തള്ളുന്നത് കായലിലെ മത്സ്യങ്ങൾക്ക് കടുത്ത നാശമുണ്ടാക്കുന്നുവെന്നും, അതോടൊപ്പം മത്സ്യബന്ധനം ഉപജീവനമാക്കിയ നിരവധി മത്സ്യത്തൊഴിലാളികളുടെ ജീവിതോപാധിക്ക് തടസ്സം സൃഷ്ടിക്കുന്നതായുമുള്ള മാധ്യമവാർത്തകൾ സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. പ്രസ്തുത റിസോർട്ടുകളിൽ സെപ്റ്റിക് ടാങ്ക് ക്ലീനിംഗ് സംവിധാനം ഉണ്ടെങ്കിലും ആയത് പ്രവർത്തിപ്പിക്കാതെ കക്കൂസ് മാലിന്യം ഉൾപ്പെടെ രാത്രി സമയങ്ങളിൽ മോട്ടോർ ഉപയോഗിച്ച് കായലിലേക്ക് തള്ളുന്നത് പതിവാണെന്നും, ഇതുമൂലം കായൽജലം മലിനപ്പെടുന്നതു കൂടാതെ മത്സ്യസമ്പത്തിന്റെ അളവ് ഗണ്യമായി കുറയുകയാണെന്നും കക്ക ഉൾപ്പെടെയുള്ള ജീവികൾ ചത്തൊടുങ്ങുകയാണെന്നും, മത്സ്യത്തൊഴിലാളികൾക്കും കക്കവാരൽ ജോലിയിൽ ഏർപ്പെടുന്നവർക്കും ത്വക്ക് രോഗങ്ങൾ പടരുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ റിസോർട്ട് മാലിന്യം നീക്കം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ നിലനിൽക്കെ ആയത് പ്രവർത്തിപ്പിക്കാതെ ജലസ്രോതസ്സിനും പ്രദേശവാസികൾക്കും അതോടൊപ്പം മത്സ്യസമ്പത്തിനും വിനാശം സൃഷ്ടിക്കുന്ന തരത്തിലുള്ള പ്രവൃത്തികൾ നടത്തുന്ന റിസോർട്ടുകളുടെ പ്രവർത്തനത്തിനുള്ള ലൈസൻസ് റദ്ദാക്കുന്നതിനാവശ്യമായ നടപടി ബന്ധപ്പെട്ട വകുപ്പ് സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

32. ജലാശയങ്ങളിൽ കാണപ്പെടുന്ന വളരെപ്പെട്ടെന്ന് വളരുകയും വ്യാപിക്കുകയും ചെയ്യുന്ന ആൽഗകളായ ആഫ്രിക്കൻ പായൽ, കുളവാഴ എന്നിവ ജലഗതാഗതത്തിനും മത്സ്യസമ്പത്തിനും ഭീഷണിയാകുന്നുണ്ട്. പായൽ നിറയുന്നതുമൂലം ജലത്തിന്റെ ഒഴുക്ക് നിലയ്ക്കുന്നതുവഴി കൊതുകുകളും മറ്റ് ക്ഷുദ്രജീവികളും മുട്ടയിട്ട് പെറ്റുപെരുകി പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നതിന് കാരണമാകുന്നുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ കായൽ ടൂറിസത്തിന് വിഘാതം സൃഷ്ടിക്കുന്ന ആഫ്രിക്കൻ പായൽ നിർമ്മാർജ്ജനം ചെയ്യുന്ന നടപടി പുനരാരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

33. കായൽ മലിനീകരണം നിയന്ത്രിക്കാൻ ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന ഹരിത പെരുമാറ്റ ചട്ടം, വാഹകശേഷി പഠനം, വൃത്തിയുള്ള വേമ്പനാട് സംരംഭത്തിന്റെ രണ്ടാം ഘട്ടം, മാലിന്യ മുക്ത അഷ്ടമുടി പദ്ധതി എന്നിവ എത്രയും പെട്ടെന്ന് നടപ്പിലാക്കുവാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34. കേരളത്തിന്റെ ടൂറിസം മേഖലയെ കാര്യക്ഷമവും സുസ്ഥിരവും ചൂഷണരഹിതവുമാക്കുന്നതിനായി കേരള ടൂറിസം നയം 2017-ൽ വിഭാവനം ചെയ്തിരുന്ന കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റിയുടെ രൂപീകരണം എത്രയും വേഗം നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

35. നിയമങ്ങളുടെ അഭാവമല്ല, മറിച്ച് നിലവിലുള്ള നിയമങ്ങൾ കൃത്യതയോടെ നടപ്പിലാക്കുന്നതിനുള്ള ബന്ധപ്പെട്ട വകുപ്പുകളുടെ ശുഷ്കാന്തിക്കുറവാണ് ഇത്തരത്തിൽ ജലാശയങ്ങൾ മലിനപ്പെടുന്നതിനുള്ള പ്രധാന കാരണം എന്ന യാഥാർത്ഥ്യം സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കായൽത്തീര വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മലിനീകരണം ഉൾപ്പെടെയുള്ള വിഷയങ്ങൾ നിരീക്ഷിക്കുന്നതിനും ആയത് ഒഴിവാക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനും ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിൽ വിനോദസഞ്ചാര വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, പോലീസ് വകുപ്പ്, ജലവിഭവ വകുപ്പ്, ശുചിത്വ മിഷൻ, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി മോണിറ്ററിങ് സമിതി രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36. മലിനീകരണ ഭീഷണി സൃഷ്ടിക്കുന്ന കായൽത്തീര വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് അപ്ഡേറ്റഡ് ആയി സൂക്ഷിക്കുന്നതിലൂടെ ഇത്തരം സ്ഥാപനങ്ങളെ സൂക്ഷ്മമായി മോണിറ്റർ ചെയ്യുന്നതിനും കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തി മലിനീകരണ സംവിധാനങ്ങൾ പ്രവർത്തനക്ഷമമാണോ എന്നുറപ്പുവരുത്തുന്നതിനും അതുവഴി മലിനീകരണം തടയുന്നതിനും സഹായകമാകും എന്ന് സമിതി കരുതുന്നു. <u>ആയതിനാൽ മലിനീകരണ ഭീഷണി സൃഷ്ടിക്കുന്ന കായൽത്തീര വിനോദസഞ്ചാര കേന്ദ്രങ്ങളെ സംബന്ധിച്ചും അവയുടെ നിലവിലെ അവസ്ഥ സംബന്ധിച്ചുമുള്ള വിവരങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡ് എത്രയും വേഗം ശേഖരിച്ച് റിപ്പോർട്ടാക്കി ആയതിന്റെ പകർപ്പ് ബന്ധപ്പെട്ട വകുപ്പുകൾക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

37. ടൂറിസം മേഖലയുടെ ഒരു പ്രധാന വരുമാന സ്രോതസ്സായ ഹൗസ് ബോട്ടുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട നിയമപരമായ യാതൊരു അധികാരങ്ങളും ടൂറിസം വകുപ്പിനില്ല. കൂടാതെ കായൽത്തീര വിനോദ സഞ്ചാരകേന്ദ്രങ്ങളിൽ മലിനീകരണം നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ മലിനീകരണ നിയന്ത്രണ ബോർഡ് നടപടി സ്വീകരിച്ചാലും ടൂറിസം വകുപ്പിന് യാതൊരു നിയന്ത്രണവും സ്വീകരിക്കാൻ കഴിയാതെ വരുന്നത് ടൂറിസം മേഖലയിൽ കോടിക്കണക്കിന് രൂപ ചെലവഴിക്കുന്ന വകുപ്പിനെ തികച്ചും നോക്കുകുത്തിയാക്കുന്നതുപോലെയാണ്. <u>ടൂറിസവും മറ്റനുബന്ധ മേഖലകളിലും പ്രത്യക്ഷമായും പരോക്ഷമായും കോടിക്കണക്കിന് രൂപ ചെലവാക്കുന്ന ടൂറിസം വകുപ്പിന് ടി മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിലുള്ള അപാകത, ഉത്തരവാദിത്തമില്ലായ്മ എന്നിവ മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവയുടെമേൽ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും ആവശ്യമായ നിയമനിർമ്മാണങ്ങൾ നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

കേരള ടൂറിസത്തിന് ഔപചാരികമായ തുടക്കംകുറിച്ചത് 1976-ൽ കോവളത്തെ ടൂറിസം കേന്ദ്രമായി കേന്ദ്രസർക്കാർ അംഗീകരിച്ചതോടെയാണ്. അന്നു മുതൽ കേരളത്തിന്റെ പ്രകൃതി സൗന്ദര്യവും കാലാവസ്ഥയും സമ്പന്നമായ ജലാശയങ്ങളും ബ്രാന്റ് ചെയ്ത് കേരള ടൂറിസം ലോകവ്യാപകമായി പരിചയപ്പെടുത്തുവാനും വിജയിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്. ഹൗസ് ബോട്ടുകളിൽ കായലിലൂടെയുള്ള സഞ്ചാരം കേരളത്തിലെത്തുന്ന വിദേശികൾക്ക് എന്നും പ്രിയപ്പെട്ടതാണ്. കായൽ ഭക്ഷണവും പാടശേഖരങ്ങളും

കനാലുകളും കായലോര ആവാസകേന്ദ്രങ്ങളും സഞ്ചാരികൾക്ക് നവീന അനുഭവം നൽകിയിരുന്നു. എന്നാൽ ഇന്ന് കേരളത്തിന്റെ ടൂറിസം സാദ്ധ്യതകൾ പൂർണ്ണമായി വിനിയോഗിച്ച് അതിലൂടെ സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ടൂറിസം വികസനം പൂർണ്ണതോതിൽ യാഥാർത്ഥ്യമാക്കുന്നതിനും മലിനീകരണം തടസ്സമാകുന്നുണ്ട്. മികച്ച ടൂറിസം കേന്ദ്രങ്ങൾ പോലും മാലിന്യമുക്തമായി പരിപാലിക്കപ്പെടുന്നില്ലെന്ന പരാതികൾ വിനോദസഞ്ചാര മേഖലയെ നേരത്തെ തന്നെ ദോഷകരമായി ബാധിച്ചിട്ടുണ്ട് എന്നതും നാം കാണേണ്ടതുണ്ട്. സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളായ ജലാശയങ്ങൾ മിക്കതും ഇന്ന് വിവിധ തരത്തിലുള്ള മലിനീകരണം മൂലം നാശത്തിന്റെ പാതയിലൂടെയാണ് കടന്നുപോകുന്നത് എന്ന വസ്തുത ഉൾക്കൊണ്ട് ഈ റിപ്പോർട്ടിലൂടെ സമിതി മുന്നോട്ട് വയ്ക്കുന്ന ശിപാർശകൾ ബന്ധപ്പെട്ട ഗവൺമെന്റ് വകുപ്പുകൾ കൃത്യമായ ഏകോപനത്തോടെയും കാര്യക്ഷമമായും പ്രാവർത്തികമാക്കുകയാണെങ്കിൽ വരുംതലമുറയ്ക്ക് വേണ്ടിയെങ്കിലും മാലിന്യമുക്തമായ കായലോര വിനോദസഞ്ചാരം എന്ന യാഥാർത്ഥ്യത്തിലേക്ക് കേരളം എത്തിച്ചേരുമെന്നും കൊറോണാനന്തര കാലം വിനോദസഞ്ചാരമേഖലയെ നാടിന്റെ ഉയർത്തെഴുന്നേൽപ്പിന് സജ്ജമാക്കുവാൻ കഴിയുമെന്നും നമുക്ക് പ്രത്യാശിക്കാം.

കെ. രാജു,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,
2021 ജനുവരി 18.

അനുബന്ധം 1

## കേരളത്തിലെ പ്രധാനപ്പെട്ട കായൽത്തീര വിനോദസഞ്ചാര കേന്ദ്രങ്ങൾ

| ക്രമ നമ്പർ | ജില്ല | കായൽത്തീര വിനോദസഞ്ചാരകേന്ദ്രം |
|---|---|---|
| 1 | തിരുവനന്തപുരം | * വേളി-ആക്കുളം<br>*ഇടവ-കാപ്പിൽ<br>*വെള്ളായണി<br>* പൂവാർ<br>* തിരുവല്ലം |
| 2 | കൊല്ലം | *സാമ്പ്രാണിക്കൊടി (അഷ്ടമുടിക്കായൽ)<br>* അഡ്വഞ്ചർ പാർക്ക് (അഷ്ടമുടിക്കായൽ)<br>*കന്നേറ്റി (അഷ്ടമുടി കായലിന്റെ കൈവഴികളായ വട്ടക്കായൽ / പള്ളിക്കൽ ആറ്)<br>* മൺറോതുരുത്ത് (കല്ലടയാർ)<br>*ക്ലാപ്പന (കായംകുളം കായൽ)<br>* പരവൂർ (പരവൂർ/ മുക്കാം കായൽ) |
| 3 | പത്തനംതിട്ട | ഇല്ല |
| 4 | ആലപ്പുഴ | *പുന്നമട ഹൗസ്ബോട്ട് ടെർമിനൽ<br>*പള്ളാത്തുരുത്തി ടെർമിനൽ |
| 5 | കോട്ടയം | *കുമരകം (വേമ്പനാട് കായൽ)<br>*വൈക്കം (വേമ്പനാട് കായൽ) |
| 6 | ഇടുക്കി | ഇല്ല |
| 7 | എറണാകുളം | മറൈൻഡ്രൈവ് ബോട്ട് ജെട്ടി |
| 8 | തൃശ്ശൂർ | *ചേറ്റുവ വഴിയോര വിശ്രമകേന്ദ്രം<br>*ഏനമാവ് നെഹ്റു പാർക്ക്<br>*തൃപ്പയാർ സരയൂ തീരം |
| 9 | പാലക്കാട് | ഇല്ല |
| 10 | മലപ്പുറം | *ബിയ്യം കായൽ<br>*ബിയ്യം ബ്രിഡ്ജ് |
| 11 | കോഴിക്കോട് | ഇല്ല |
| 12 | വയനാട് | ഇല്ല |
| 13 | കണ്ണൂർ | ഇല്ല |
| 14 | കാസർഗോഡ് | വലിയപറമ്പ ടൂറിസം പദ്ധതി (കവ്വായി കായൽ) |

## അനുബന്ധം II

'ഭരണഭാഷ-മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

പരിസ്ഥിതി വകുപ്പ് - ഒറ്റത്തവണ മാത്രം ഉപയോഗം ഉള്ള  പ്ലാസ്റ്റിക് വസ്തുക്കൾ( ഒരു തവണ മാത്രം ഉപയോഗിച്ച ശേഷം കളയുന്നവ) 2020 ജനുവരി ഒന്ന് മുതൽ സംസ്ഥാനത്ത് പൂർണ്ണമായും നിരോധിച്ച് ഉത്തരവാകുന്നു.

---

## പരിസ്ഥിതി (ബി) വകുപ്പ്

സ.ഉ.(കൈ)നം. 6/2019/പരി. തീയതി, തിരുവനന്തപുരം, 27.11.2019

പരാമർശം:- 1. 12.12.2018 ലെ സ.ഉ (സാധാ) നം.134/2018/പരി നമ്പർ ഉത്തരവ്.

2. Expert Technical Committee സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ട്.

## ഉത്തരവ്

സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന പ്ലാസ്റ്റിക്ക് ഉപഭോഗം വിശിഷ്യ ഒറ്റ തവണ ഉപയോഗത്തിന് ശേഷം പുന:ചംക്രമണം പോലും അസാധ്യമാക്കി തോടുകളിലും, ചാലുകളിലും പുഴകളിലും വഴിവക്കുകളിലും മറ്റ് സ്ഥലങ്ങളിലും അലക്ഷ്യമായി വലിച്ചെറിയുന്ന പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ, സ്റ്റോകൾ, പ്ലാസ്റ്റിക്ക് പേപ്പറുകൾ ഹോട്ടലുകളിലും മറ്റും ഭക്ഷണം പൊതിഞ്ഞു നൽകുന്ന ഷീറ്റുകൾ , കപ്പുകൾ , പ്ലേറ്റുകൾ ഇടങ്ങിയവ ഒരു വലിയ പാരിസ്ഥിതിക ആരോഗ്യ പ്രശ്നമായി മാറിയിരിക്കുന്നു. ഈ ഭീഷണിയുടെ നിഴലിൽ രാജ്യത്തെ പല സംസ്ഥാനങ്ങളും ഇത്തരം പ്ലാസ്റ്റിക് വസ്തുക്കളുടെ മേൽ നിരോധനം ഏർപ്പെടുത്തുകയും കൂടാതെ കേന്ദ്ര സർക്കാരും ഇത്തരം പ്ലാസ്റ്റിക് വസ്തുക്കളുടെ മേൽ നിയന്ത്രണം ഏർപ്പെടുത്തേണ്ടതാണെന്ന് അറിയിച്ചിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ ഇത്തരം പ്ലാസ്റ്റിക്ക് വസ്തുക്കൾ സംസ്ഥാനത്തും പൂർണ്ണമായും നിരോധിക്കാൻ സാധിക്കുമോ എന്ന കാര്യം സർക്കാർ പരിശോധിച്ചു. ഇതിനായി നിരോധിക്കേണ്ട പ്ലാസ്റ്റിക്ക് വസ്തുക്കളുടെ പട്ടിക തയ്യാറാക്കുവാനായി പരാമർശം (1) പ്രകാരം ഒരു Expert Technical Committee രൂപീകരിക്കുകയും ടി കമ്മിറ്റി സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ടി കമ്മിറ്റിയുടെ റിപ്പോർട്ടിൽ ചില വസ്തുക്കൾ പൂർണ്ണമായും ചിലത് ഭാഗികമായും നിരോധിക്കേണ്ടതാണെന്ന് ശുപാർശ നൽകിയിരുന്നു. മഹാരാഷ്ട്രയിലും തമിഴ് നാട്ടിലും കൊണ്ടുവന്ന നിരോധനം മൂലം പ്ലാസ്റ്റിക്ക് ഉപഭോഗത്തിൽ ഏകദേശം 70% കുറവുണ്ടാവുകയും നിരോധനം പ്രത്യക്ഷത്തിൽ വിജയകരമാകുകയും ചെയ്തു എന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്.

2. സർക്കാർ ഈ കാര്യങ്ങളെല്ലാം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാനത്തും അടിയന്തിരമായി ഇത്തരം നടപടികൾ ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. 2020 ജനവരി ഒന്ന് മുതൽ കേരള സംസ്ഥാനത്ത് ചുവടെ പറയുന്ന ഒറ്റ തവണ ഉപയോഗ പ്ലാസ്റ്റിക് വസ്തുക്കൾക്ക് നിരോധനം ഏർപ്പെടുത്തുന്നു. വ്യക്തികളോ, കമ്പനികളോ സ്ഥാപനങ്ങളോ, വ്യവസായമോ ചുവടെ പറയുന്ന ഒറ്റ തവണ ഉപയോഗ പ്ലാസ്റ്റിക് വസ്തുക്കൾ നിർമ്മിക്കുകയോ , കൊണ്ടുപോകുകയോ, സൂക്ഷിക്കുകയോ , വിൽപ്പന നടത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

| Sl No | Product |
|---|---|
| 1. | പ്ലാസ്റ്റിക് ക്യാരി ബാഗ് (കനം നോക്കാതെ) |
| 2. | പ്ലാസ്റ്റിക് ഷീറ്റ്സ് (ടേബിളിൽ വിരിക്കാൻ ആയി ഉപയോഗിക്കുന്ന), ക്ലിംഗ് ഫിലിം |
| 3. | പ്ലേറ്റുകൾ, കപ്പുകൾ, തെർമോക്കോൾ, സ്റ്റൈറോഫോം ഉപയോഗിച്ചുണ്ടാക്കുന്ന അലങ്കാര വസ്തുക്കൾ |
| 4. | ഒറ്റ തവണ ഉപയോഗമുള്ള പ്ലാസ്റ്റിക് കപ്പുകൾ, പ്ലേറ്റുകൾ, സ്പൂണുകൾ, ഫോർക്കുകൾ, സ്ട്രോകൾ, ഡിഷുകൾ, സ്റ്റിറർ |
| 5. | പ്ലാസ്റ്റിക് കോട്ടിങ് ഉള്ള പേപ്പർ കപ്പുകൾ, പ്ലേറ്റുകൾ, ബൗൾ, ക്യാരി ബാഗുകൾ |
| 6. | നോൺ വൂവൺ ബാഗുകൾ, പ്ലാസ്റ്റിക് ഫ്ളാഗുകൾ, പ്ലാസ്റ്റിക് ബണ്ടിംഗ് |
| 7. | പ്ലാസ്റ്റിക് വാട്ടർ പൗച്ചസ്, പ്ലാസ്റ്റിക് ജ്യൂസ് പാക്കറ്റുകൾ |
| 8. | PET/PETE ബോട്ടിലുകൾ കുടിക്കാനുള്ളത് (300ml കപ്പാസിറ്റിക്ക് താഴെ ) |
| 9. | ഗാർബേജ് ബാഗ് (പ്ലാസ്റ്റിക്) |
| 10. | പി.വി.സി ഫ്ലക്സ് മെറ്റീരിയൽസ് |
| 11. | പ്ലാസ്റ്റിക് പാക്കറ്റ്സ് |

4. ചുവടെ പറയുന്ന ഒറ്റ തവണ ഉപയോഗമുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളും പ്ലാസ്റ്റിക് വസ്തുക്കളും മേൽ നിരോധനത്തിൽ നിന്നും ഒഴിവാക്കുന്നു.

I)പ്ലാസ്റ്റിക് വ്യവസായത്തിൽ export ചെയ്യുന്നതിനായി നിർമ്മിച്ചിട്ടുള്ള പ്ലാസ്റ്റിക് വസ്തുക്കൾ.

II)ആരോഗ്യ പരിപാലന രംഗത്ത് ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ/ഉപകരണങ്ങൾ

III) കമ്പോസ്റ്റബൾ പ്ലാസ്റ്റിക്കിൽ നിന്ന് നിർമ്മിച്ച പ്ലാസ്റ്റിക്ക് വസ്തുക്കൾ (Plastic Waste (Management and Handling) Rule 2016 ൽ നിഷ്കർഷിച്ചിരിക്കുന്നതുപോലെ" കമ്പോസ്റ്റബൾ പ്ലാസ്റ്റിക്ക് ഗണത്തിൽപ്പെടുന്ന Indian Standard IS or ISO 17088: 2008 ലേബൽ പതിപ്പിച്ചത്).

5. ജില്ലാ കളക്ടർമാർ , സബ് ഡിവിഷണൽ മജിസ്ട്രേറ്റ്മാർ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ, എല്ലാ തദ്ദേശ സ്ഥാപനങ്ങളിലെയും സെക്രട്ടറിമാർ, Environmental Protection Act 1986 സെക്ഷൻ 19 പ്രകാരം കേന്ദ്ര സർക്കാർ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ/സ്ഥാപനങ്ങൾ തുടങ്ങിയവർ ഈ നിർദ്ദേശങ്ങളുടെ പാലനം

കർശനമായി നിരീക്ഷിക്കേണ്ടതും ടി നിർദ്ദേശം ലംഘിക്കുന്ന സാഹചര്യത്തിൽ കർശനമായ നടപടി സ്വീകരിച്ച് നിയമപ്രകാരം ജുഡീഷ്യൽ ഫോറങ്ങളിൽ പരാതി ഫയൽ ചെയ്ത് Environmental Protection Act 1986 പ്രകാരം നിയമ നടപടി സ്വീകരിക്കേണ്ടതുമാണ്.

6. ടി നിർദ്ദേശങ്ങൾ ലംഘിക്കുന്ന സാഹചര്യത്തിൽ ഈ കാര്യം അധികാര പരിധിയിലുള്ള സബ് ഡിവിഷണൽ മജിസ്ട്രേറ്റിനേയോ, മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥരെയോ അറിയിക്കേണ്ടതാണ്. ഈ ഉത്തരവിന് എതിരായി ഒറ്റതവണ മാത്രം ഉപയോഗം ഉള്ള പ്ലാസ്റ്റിക് വസ്തുക്കൾ നിർമ്മിക്കുകയോ, വിൽപന നടത്തുകയോ, സൂക്ഷിക്കുകയോ, കൊണ്ടുപോവുകയോ ചെയ്യുകയാണെങ്കിൽ ആയത് കണ്ടുകെട്ടി അധികാര പരിധിയിലുള്ള സബ് ഡിവിഷണൽ മജിസ്ട്രേറ്റിനെയോ മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥരെയോ ഏൽപ്പിക്കുകയോ തുടർ നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

7. നിയമ ലംഘനം നടത്തുന്ന നിർമ്മാതാക്കൾ, മൊത്ത വിതരണക്കാർ, ചെറുകിട വിൽപ്പനക്കാർ, കടക്കാർ, വിൽക്കുന്നവർ എന്നിവർക്കെതിരെ 10,000/- രൂപ (പതിനായിരം രൂപ) പിഴ സബ് ഡിവിഷണൽ മജിസ്ട്രേറ്റ്, മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ ചുമത്തേണ്ടതാണ്. രണ്ടാമതുള്ള നിർദ്ദേശ ലംഘനത്തിന് 25,000/- രൂപയും (ഇരുപത്തയ്യായിരം രൂപ) അതിനു ശേഷം തുടർന്നുള്ള നിർദ്ദേശ ലംഘനത്തിന് 50,000/- രൂപയും (അമ്പതിനായിരം രൂപ) സബ് ഡിവിഷണൽ മജിസ്ട്രേറ്റുമാർ, തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ, മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ ചുമത്തേണ്ടതും തുടർന്ന് സ്ഥാപനത്തിന്റെ/നിർമ്മാണ പ്രവർത്തനാനുമതി റദ്ദാക്കേണ്ടതുമാണ്.

8. Extended Producers Responsibility Plan പ്രകാരം അവർ വിൽപന നടത്തുന്ന പ്ലാസ്റ്റിക്ക് കപ്പികളും കവറുകളും ഇതര ഉല്പന്നങ്ങളും തിരികെ നൽകുന്നവർക്ക് നിശ്ചിത തുക നൽകി പ്രോത്സാഹിപ്പിക്കാൻ Kerala State Beverages Corporation, KERAFED, MILMA, കേരള വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങൾ ബാധ്യസ്ഥരാണ്.

9. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 08.04.2016 ലെ Solid Waste Management Rules 11(i) പ്രകാരം പുറപ്പെടുവിച്ച നോട്ടിഫിക്കേഷനിൽ ഇന്റസ്ട്രിയൽ പാർക്കുകളിലെ 5% ഭൂമി മാലിന്യ സംസ്കരണം/പുനചംക്രമണത്തിനായിട്ട് മാറ്റി വയ്ക്കേണ്ടതാണ്. ഇത് കർശനമായി നടപ്പിലാക്കേണ്ടതും ആവശ്യാനുസരണം ഈ ഭൂമി നാമമാത്രമായ (nominal) വിലയ്ക്ക് നൽകേണ്ടതുമാണ്.

10. പ്ലാസ്റ്റിക് ബാഗുകൾക്ക് പകരം bio degradable ബാഗുകൾ ഉല്പാദിപ്പിക്കുന്ന യൂണിറ്റുകളെ വ്യവസായ വകുപ്പ് പ്രോത്സാഹിപ്പിക്കേണ്ടതാണ്.

11. ഈ ഉത്തരവ് പരമാവധി ജനങ്ങളിലേക്കെത്തുവാൻ വേണ്ട നടപടികൾ മലിനീകരണ നിയന്ത്രണ ബോർഡ് സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**Dr. ആഷ തോമസ് ഐ.എ.എസ്**
അഡീഷണൽ ചീഫ് സെക്രട്ടറി

കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ മേധാവികൾക്കും
എല്ലാ പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടേയും മേധാവികൾക്ക്
ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം
സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള /കാലിക്കറ്റ്/ കുസാറ്റ് /കണ്ണൂർ/മഹാത്മാഗാന്ധി – സർവ്വകലാശാലകൾ
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി പി.ഒ, എറണാകുളം
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസസ്, തൃശ്ശൂർ-680 596
രജിസ്ട്രാർ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി, പൂക്കോട്, വയനാട്
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ്, പനങ്ങാട്, കൊച്ചി
മെമ്പർ സെക്രട്ടറി, കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ്
മെമ്പർ സെക്രട്ടറി, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
മാനേജിംഗ് ഡയറക്ടർ,ക്ലീൻ കേരള കമ്പനി
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
CIPET( ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാസ്റ്റിക് ടെക്നോളജി), കൊച്ചി
Kerala Plastic Manufacturer's Association
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും( അധികാര പരിധിയിൽ വരുന്ന സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നതിന്)
പൊതുഭരണ (SC) വകുപ്പിന്
കരുതൽ ഫയൽ/ഓഫീസ് കോപ്പി( Envt-B2/198/2018-Envt)

പകർപ്പ് :

മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ ക്ക്
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, ഗവ സെക്രട്ടേറിയറ്റ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.